# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1971** | **22..03..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്** |

## ധനകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീമതി. കെ.എസ്. സലീഖ<br>ഡോ. ടി.എം. തോമസ് ഐസക് | ശ്രീ. കെ.എം. മാണി,<br>ബഹു: ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| എ | ധനകാര്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചീഫ് ടെക്നിക്കൽ എക്സാമിനർ ആഫീസിന്റെ പ്രവർത്തനം നിർജ്ജീവ മാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ; | ചീഫ് ടെക്നിക്കൽ എക്സാമിനർ ആഫീസിന്റെ പ്രവർത്തനം നിർജ്ജീവ മാക്കിയിട്ടില്ല. |
| ബി | ചീഫ് ടെക്നിക്കൽ എക്സാമിനർ ആയി പ്രവർത്തിച്ചുവന്നയാളെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ പകരം ആളെ നിയമിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്; | ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയായപ്പോൾ ടിയാൻ മാതൃവകുപ്പിലേയ്ക്ക് തിരികെ പോകുകയാണുണ്ടായത്. പുതിയതായി ചീഫ് ടെക്നിക്കൽ എക്സാമിനറെ തിരഞ്ഞെടുത്തിട്ടുണ്ട്. മാതൃവകുപ്പിൽ നിന്നും ലഭിക്കേണ്ട വിജിലൻസ് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നിയമന ഉത്തരവ് നല്കുന്നതാണ്. അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നിലവിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| സി | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിൽ നിന്നും എത്ര പേരെ സ്ഥലം മാറ്റിയിട്ടുണ്ട്; പകരം നിയമനം നടത്തിയിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിനാൻസ് ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിംഗിൽ ആരെയും സ്ഥലം മാറ്റിയിട്ടില്ല. ഡെപ്യൂട്ടേഷൻ കാലാവധി തീർന്ന മുറയ്ക്ക് ചീഫ് ടെക്നിക്കൽ എക്സാമിനർ /അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർമാർ വിടുതൽ ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തികയിൽ പുതുതായി ഡെപ്യൂട്ടേഷനിൽ ആളിനെ നിയമിച്ചിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായിട്ടുണ്ട്. നേരത്തേ തന്നെ ഒഴിഞ്ഞു കിടന്ന മറ്റു തസ്തികകളിലും ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ നിയമിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| ഡി | ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പാടെ ദുർബലപ്പെട്ടിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഭാഗത്തിൽ ഇപ്പോൾ നടപടിയ്ക്കായി പരിഗണന യിലിരിക്കുന്ന ഫയലുകളെത്രയെന്ന് വ്യക്തമാക്കുമോ? | ഇല്ല. ഫിനാൻസ് ഇൻസ്പെക്ഷൻ (ടെക്നിക്കൽ/ നോൺ ടെക്നിക്കൽ) വിഭാഗങ്ങളിലായി ഇപ്പോൾ നടപടിയ്ക്കായി 225 ഫയലുകൾ പരിഗണനയിലുണ്ട്. |

R. Prasad

സെക്ഷൻ ഓഫീസർ